പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2001 — 18.06.2013-ൽ മറുപടിയ്ക്ക്

## റോസ് മലയിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനം

| ചോദ്യം<br>ശ്രീ. കെ. രാജു : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|
| (എ) "രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ പദ്ധതി"യനുസരിച്ച് കൊട്ടാരക്കര സർക്കിളിൽ പുനലൂർ ഡിവിഷനിൽപ്പെട്ട റോസ്മലയിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) റോസ്മലയിൽ വൈദ്യുതി എത്തിക്കുന്നതിലേക്ക്, 11 കെ.വി. ലൈൻ വലിക്കുന്നതിലേക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമായതിനാൽ, ടി അനുമതിക്കു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) ഒറ്റപ്പെട്ട വനമേഖലയായ റോസ്മലയിൽ എന്ന് വൈദ്യുതി എത്തിക്കുമെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇത് പ്രകാരം ആവശ്യമായ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) വനം വകുപ്പിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് പണി പൂർത്തിയാക്കാൻ കഴിയും. റോസ്മലയിൽ വൈദ്യുതി എത്തിക്കുന്നതിലേക്ക് 13 കിലോമീറ്റർ 11 കെ.വി. ഓവർ ഹെഡ് ലൈനും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നതിലേക്കായി 61.88 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. |
| (സി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) വനം വകുപ്പിന്റെ അനുമതിക്കായി 26.07.2011 ൽ തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ലൈൻ വലിക്കുന്ന വനം മേഖലയ്ക്ക് തുല്യമായി വനം മേഖലയിൽ ഉൾപ്പെടാത്ത സ്ഥലം കണ്ടുപിടിച്ചു നൽകണം എന്നു കാണിച്ച് ഡി.എഫ്.ഒ. കത്തു നൽകുകയുണ്ടായി. തുടർന്ന് അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുവാൻ അനുമതി ലഭ്യമാക്കുന്നതിലേക്ക് 23.03.2013 ൽ തെന്മല ഡി.എഫ്.ഒ.യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. റോസ്മലയിൽ വൈദ്യുതി എത്തിക്കുന്നതിനായി അണ്ടർ ഗ്രൗണ്ട് |

കേബിൾ സ്ഥാപിക്കുന്നതിലേക്ക് 3,04,48,600/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതിനുള്ള തുക, ആർ.ജി.ജി.വി.വൈ. പദ്ധതിയിലുൾപ്പെടുത്താൻ കഴിയാത്തതു കൊണ്ട് എം.പി.ലാഡ് പദ്ധതിയിൽ നിന്നും തുക ലഭിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്. വനം വകുപ്പിൻെറ അനുമതിയും, ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി നടപ്പാക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ.